**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1609

21.01.2014 ലെ
മറുപടിയ്ക്ക്

**ന്യൂനപക്ഷക്ഷേമ വകുപ്പ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപവത്ക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | എ) ഉണ്ട്. 01.01.2011-ലെ സ.ഉ.(പി) നം 2/11/പൊ.ഭ.വ., പ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് രൂപീകൃതമായി. വകുപ്പിന് കീഴിൽ എല്ലാ ജില്ലാകളക്ടറേറ്റുകളിലും ന്യൂനപക്ഷ സെല്ലുകളും പ്രവർത്തിച്ച് വരുന്നു. |
| ബി) പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കാമോ; | ബി) കേരളത്തിലെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവും, തൊഴിൽപരവുമായ പിന്നാക്കാവസ്ഥ പരിഹരിച്ച് അവരുടെ ഉന്നമനത്തിനായി പദ്ധതികൾ / പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് ന്യൂനപക്ഷ വിഭാഗത്തിന്റെ സമഗ്ര വികസനം ഉറപ്പ് വരുത്തുകയാണ് വകുപ്പിന്റെ ലക്ഷ്യം. |
| സി) ന്യൂനപക്ഷ സമൂഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | സി) ന്യൂനപക്ഷ സമൂഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി, ഇപ്പോൾ പല വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന ന്യൂനപക്ഷക്ഷേമ പദ്ധതികൾ ഈ വകുപ്പിന് കീഴിലാക്കുന്ന കാര്യം സർക്കാർ പരിഗണിച്ച് വരുന്നു. |
| ഡി) ഈ വകുപ്പിന്റെ കീഴിൽ സംസ്ഥാന-ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | ഡി) സംസ്ഥാനതലത്തിൽ ഡയറക്ടറേറ്റ് വികാസ് ഭവനിൽ പ്രവർത്തിച്ചുവരുന്നു. ജില്ലാതല ഓഫീസുകൾ ഉടൻ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ